മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) (എ) മോട്ടോർ ഡ്രൈവിങ്ങും മെക്കാനിസവും.
(ബി) ക്രാഫ്ട്മെൻ കോഴ്സ്.
(സി) എഞ്ചിനീയറിങ്ങ് ഡിപ്ലോമാ കോഴ്സ്.

(ബി) വിവരം അനുബന്ധമായി ചേത്തിട്ടുണ്ട്. *(Appendix X).*

JAGGERY PURCHASE OFFICER—MR. ISAAC

441. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫസ്റ്റ് സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽ നിയമിതനായിരുന്ന മിസ്റ്റർ ഐസക്ക്, ബി.എ., ബി.എൽ. നെ ഉദ്യോഗത്തിൽനിന്നു ഒഴിവാക്കിയതോ ഒഴിഞ്ഞുപോയതോ ;

(ബി) ഗവൺമെണ്ടിൽനിന്നും ഒഴിവാക്കിയതാണെങ്കിൽ കാരണമെന്തു ;

(സി) ഒഴിഞ്ഞുപോയതാണെങ്കിൽ ശിക്ഷിക്കപ്പെട്ടുമെന്ന ഭയംകൊണ്ടാണോ ;

(ഡി) കൊട്ടമുടിയിൽ ശക്കര വാങ്ങാൻ അയക്കപ്പെട്ട അദ്ദേഹം ആ കാര്യത്തിൽ പല കൃത്രിമങ്ങളും ചെയ്തിട്ടുണ്ടെന്നും മറ്റും സീരിയസ് ചാർജ്ജ് അദ്ദേഹത്തിന്റെ പേരിൽ ചുമത്തി സർവ്വീസിൽനിന്നു സസ്പെൻഡുചെയ്തിരുന്നുവോ ;

(ഇ) അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന സീരിയസ് ചാർജസ് എന്തെല്ലാമായിരുന്നു ;

(എഫ്) അതിനെപ്പറ്റി അന്വേഷണം നടത്തിയതു് ആരാണു് ;

(ജി) അന്വേഷിച്ച ഉദ്യോഗസ്ഥൻ ഗവൺമെണ്ടിലേക്കു സമർപ്പിച്ച റിപ്പോർട്ടിന്റെ സ്വഭാവം പറയാമോ ;

(എച്ച്) അദ്ദേഹത്തെ സസ്പെൻറിൽ നിർത്തിയ അവസരത്തിൽ അദ്ദേഹം ഒരു അപേക്ഷ ബോധിപ്പിച്ചിരുന്നുവോ ;

(ഐ) ബോധിപ്പിച്ചിരുന്നുവെങ്കിൽ അപേക്ഷ എന്തായിരുന്നു.

(ജെ) അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന കുറ്റാരോപണങ്ങളും എല്ലാം ശരിയാണെന്നാണോ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉദ്യോഗത്തിൽനിന്നും ഒഴിവാകുവാൻ അനുവദിക്കുകയാണുണ്ടായതു്.

(ബി) മിസ്റ്റർ ഐസക്ക് സർവ്വീസിൽ ഇരിക്കുന്നതു ശരിയല്ലെന്നു ബോദ്ധ്യമായതുകൊണ്ടു് ഒഴിവാകുവാൻ അനുവദിച്ചു.

(സി) ഗവൺമെണ്ടിനറിവില്ല.

(ഡി) ഉവ്വു്.

(ഇ) താഴെ പറയുന്നവ.

(എ) നല്ല ശക്കര വാങ്ങി അയക്കുവാൻ വീഴ്ചയുമില്ലാത്ത അവസരത്തിൽ താഴ്ന്ന തരം ശക്കര വാങ്ങി അയക്കുക. (ബി) ശക്കരക്കച്ചവടക്കാരിൽനിന്നു പണം വാങ്ങിക്കുക. (സി) മിസ്റ്റർ ഐസക്ക് തിരഞ്ഞെടുത്ത ചില കച്ചവടക്കാരിൽനിന്നല്ലാതെ മറ്റു കച്ചവടക്കാരിൽനിന്നു വരുന്ന അപേക്ഷകളെ ഗൌനിക്കാതിരിക്കുക.

(എഫ്) ഫസ്റ്റ് സപ്ലൈ ഡയറക്ടർ പ്രാരംഭാന്വേഷണങ്ങളും നടത്തി.

(ജി) അന്വേഷണത്തിൽ മിസ്റ്റർ ഐസക്കിന്റെ പേരിലുള്ള ആക്ഷേപങ്ങൾ ഗൌരവമുള്ളതാണെന്നും ടിയാനെ ഉദ്യോഗത്തിൽ ആ നിലയിൽ തുടർന്നുകൊണ്ടുപോകുവാൻ അനുവദിക്കുന്നതു് ആശാസ്യമല്ലെന്നുമാണു് റിപ്പോർട്ടിന്റെ സ്വഭാവം.

(എച്ച്) ഉവ്വു്.

(ഐ) തന്റെ പേരിലുള്ള കുറ്റങ്ങളെപ്പറ്റി പുതിയായ അന്വേഷണംമൂലം ഉണ്ടാകാവുന്ന കഷ്ടപ്പാടുകളിൽനിന്നും സങ്കടങ്ങളിൽനിന്നും തന്നെ ഒഴിവാക്കി സർവ്വീസിൽനിന്നും പിരിഞ്ഞുകൊള്ളുവാൻ അനുവദിക്കണമെന്നാണു് അപേക്ഷിച്ചതു്.

(ജെ) പ്രധാന ആക്ഷേപങ്ങൾ സംബന്ധിച്ചിടത്തോളം പ്രഥമദൃഷ്ട്യാ ശരിയാണു് എന്നാണു റിപ്പോർട്ടു്.

LIBRARY ARCHIVES Kerala Legislative Assembly